തൊഴിലാളി

Reg: No. K. 31

Founder: Father Vadakkan

Honorary Chief Editor T. O. Mathew M. A. : : Managing Editor B. Wellington B. A.

പുസ്തകം 12 | ലക്കം 77 | മാർച്ച് 20 ശനി, തൃശൂർ | വില 7 പൈസ | പേജ് 4

ബോട്ട് മറിഞ്ഞു 40 പേർ മുങ്ങിമരിച്ചു

സിംല, മാ. 19

ഖൽക്കാ അണക്കെട്ടിൽനിന്നു 5 നാഴിക ദൂരത്തുവച്ച് ഇന്നലെ വൈകുന്നേരം ഒരു ബോട്ട് മുങ്ങിയതിനെത്തുടർന്നു ഫലമായി 40 പേരോളം മുങ്ങിമരിച്ചിരിക്കുമെന്നു ഭയപ്പെടുന്നു. ഹിമാചൽ പ്രദേശ് മുഖ്യമന്ത്രിയാണ് ഈ വിവരം നിയമസഭയിൽ ഇന്നു വെളിപ്പെടുത്തിയത്.

(പി. ടി. ഐ)

'തൊഴിലാളി' വരിസംഖ്യ നിരക്ക്

	പോസ്റ്റ്‌വഴി	വാരാന്ത്യപ്രതിപ്പ് പോസ്റ്റ്‌വഴി
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	18_50	3_00
1 മാസത്തേയ്ക്ക്	4_65	1 50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്ക്		
വാരാന്ത്യപ്രതിപ്പ് അധികം		2_10
ഓരോപ്രതി	0_07	0_10

മാനേജർ.

വിയറ്റ്നാം കഴപ്പം

വിൽസൺ_ഗ്രോമിക്കോ ചർച്ച സ്തംഭനത്തിൽ

പരസ്പരവിരുദ്ധങ്ങളായ നിർദ്ദേശങ്ങൾ സമർപ്പിച്ചു

(റോയിട്ടർ) ലണ്ടൻ, മാ. 19

ബ്രിട്ടീഷ് പ്രധാനമന്ത്രി ഹാരോൾഡ് വിൽസനും സോവിയറ്റ് വിദേശകാര്യമന്ത്രി ഗ്രോമിക്കോവും തമ്മിൽ വിയറ്റ്നാം കഴപ്പത്തിന് ഒരു പരിഹാരം കാണുന്നതിനെസംബന്ധിച്ചു ഇവിടെ നടന്നുവന്നിരുന്ന ചർച്ച സ്തംഭനത്തിലെത്തിയതായി അറിയുന്നു.

ഈ പ്രശ്നത്തെസംബന്ധിച്ച് സോ വിയറ്റ്യൂണിയനും ബ്രിട്ടനും ഇന്നലെ ഇവിടെ പ്രസിദ്ധീകരിച്ച നിർദ്ദേശങ്ങൾ പരസ്പരം കടകവിരുദ്ധമായിട്ടാണ് കണ്ടത്. ഇന്തോ-ചൈനാ യുദ്ധം അവസാനിപ്പിച്ച ജനീവാ സമ്മേളനത്തിൽ (1954) പങ്കെടുത്ത കക്ഷികൾതന്നെ വിയറ്റ്നാംകഴപ്പത്തെസംബന്ധിക്കുന്ന അവരുടെ അഭിപ്രായം പഠനവിധേയമാക്കണമെന്നും, ഈ കഴപ്പം സമാധാനപരമായി പരിഹരിക്കുവാൻ എത്രമാത്രം കഴിയുമെന്നു അവർ പുണ്ടിക്കാണിക്കണമെന്നും ബ്രിട്ടൻറെ നിർദ്ദേശങ്ങളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നത്തെ വിയറ്റ്നാംകഴപ്പത്തിന്നു ബ്രിട്ടൻ ആദ്യമായി കാഠ്യപ്പെടുത്തുന്നതായി ഇന്നലെ സോവിയറ്റ്യൂണിയൻ ആദ്യമായി പ്രഖ്യാപിച്ചു. ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണുന്നതിനുവേണ്ടി ഇരുകക്ഷികളും തമ്മിൽ ഒരു ഉഭയകക്ഷി ചർച്ച നടത്തുന്നതിനുള്ള സന്നദ്ധതയും സോവിയറ്റ്യൂണിയൻ പ്രകടിപ്പിച്ചു.

ഈ ചർച്ചയുടെ ഫലമായി ഇരുകക്ഷികളും തമ്മിൽ ഒരു ധാരണയിലെത്തുവാൻ കഴിഞ്ഞിട്ടില്ലെന്നു ഇന്നലെ രാത്രി പ്രഖ്യാപിച്ചു.

വ. വിയറ്റ്നാമിൽ വീണ്ടും ഗ്രാമാക്രമണം

(റോയിട്ടർ) സൈഗോൺ മാ. 19

വടക്കൻ വിയറ്റ്നാംസൈന്യത്തിൽ അമേരിക്കൻറെ വിമാനങ്ങൾ ഇന്നും ബോംബാക്രമണം നടത്തി. മാസ് ന്യൂസ് ഏജൻസി റിപ്പോർട്ട് ചെയ്തു.

അമ്പുടിവസത്തിനുള്ളിൽ അമേരിക്ക നടത്തിയ രണ്ടാമത്തെ ആക്രമണമാണിതെന്നു ഏജൻസി പറഞ്ഞു.

(കഴിഞ്ഞ തിങ്കളാഴ്ച നടന്ന ആക്രമണത്തിൽ നൂറോളം അമേരിക്കൻ വിമാനങ്ങൾ പങ്കെടുത്തിരുന്നുവെന്നായിരുന്നു)

വ്യോമസേനാ വിഭാഗങ്ങളും, നാവിക വിഭാഗങ്ങളും ഇന്നത്തെ ആക്രമണത്തിൽ പങ്കെടുത്തു.

അമേരിക്കൻ കപ്പൽ കണ്ടിട്ടില്ല ചൈന പിൻവാങ്ങിയതു്

തർക്കം തുടരുന്നു

(പി ടി ഐ) ന്യൂഡൽഹി, മാ. 19

1962 നവംബറിൽ പ്രധാനമന്ത്രി നെഹ്റുവിൻറെ അഭ്യർത്ഥനയനുസരിച്ച് കൽക്കത്തക്ക് അടുത്തുനിന്ന അമേരിക്കൻ വിമാനവാഹിനി കപ്പലിൻറെ സാന്നിധ്യമാണ് നേഫയിൽനിന്നു ചൈനാക്കാർ പിൻവാങ്ങുവാനുണ്ടായ കാരണമെന്നുള്ള സുധീർഘോഷ് എം. പി. യുടെ പ്രസ്താവനയെ രാജ്യസഭയിലെ പല അംഗങ്ങളും ഇന്നു ചോദ്യം ചെയ്തുകയുണ്ടായി.

സുധീർഘോഷിൻറെ ഈ പ്രസ്താവന ശരിയല്ലെന്നു ഭൂപേശ് ഗുപ്ത(കമ്മ്യൂ) പ്രസ്താവിച്ചു. ഈ പ്രസ്താവന ഉണ്ടാക്കുന്ന അന്തരാരാഷ്ട്രീയ പ്രത്യാഘാതങ്ങളുടെ വെളിച്ചത്തിൽ പ്രധാനമന്ത്രി ഈ പ്രസ്താവന നിഷേധിക്കണമെന്നു അദ്ദേഹം പറഞ്ഞു.

വോസ്കോ ദ് തിരിച്ചെത്തി

(എ. എഫ്. പി) മോസ്കോ മാ 19

സോവിയറ്റ് ബഹിരാകാശകപ്പൽ വോസ്കോട് ദ്വിയിൽ തിരിച്ചെത്തിയതിനെ സംബന്ധിച്ചു താമസിയാതെ ഒരു പ്രത്യുപചാരമുണ്ടാകുമെന്ന് ഈ വൃത്തം പറഞ്ഞു.

മൻകുട്ടി നിശ്ചയിച്ചിരുന്ന സ്ഥലത്തുതന്നെയാണ് വോസ്കോട് ദ്വാരിയിൽ തിരിച്ചെത്തിയതു് രണ്ടു് ബഹിരാകാശസഞ്ചാരികളും സുഖമായിരിക്കുന്നു.

പാലക്കാട് ജില്ലയിലെ ഗൃഹനിർമ്മാണപദ്ധതി

രണ്ടുവർഷത്തിനുള്ളിൽ കെ വിതരണംചെയ്യും

(സ്വ. ലേ.) പാലക്കാട് മാ. 19

പാലക്കാട് ജില്ലയിൽ ഇതുവരെ 223480 കെ. സ്ക്വയർ യേർഡ് വിസ്തീർണ്ണമുള്ള ഭവനനിർമ്മാണപദ്ധതികൾവഴി വിതരണം ചെയ്തിരിക്കുന്നു. ഭവനവായ്പാ മാസത്തിൽ 408400 കെ. വരുന്ന 11 ഏജൻസികൾവഴിയാണ് വിതരണം ചെയ്തിരിക്കുന്നത്. ഇതിൽ 7 ഏജൻസികൾ പൊതുമേഖലയിലുള്ളവയാണ്.

തെക്കുപടി

പോസ്റ്റേജ് 90
ടേബിൾ 125
ചില്ലറ വിലയ് 15 നയാ പൈസ

1965 മാർച്ച് 20_മത്തെ ശനി

ഷേക്ക് അബ്ദുള്ളയുടെ വിദേശപരിപാടി

... o .....

ഇന്ത്യൻ സ്വാതന്ത്ര്യസമരകാലത്തു് ജവഹർലാലിന്റെ ഉറ്റസ്നേഹിതന്മാരിലൊരാളായി നിലയെടുപ്പിച്ചു് ഇന്ത്യയുടെ സകല രംഗങ്ങളിലും പങ്കുകൊള്ളാൻ തയ്യാറായിരുന്ന പൂർവ്വചരിത്രമുള്ള ഒരു മഹാനാണു് ഷേക്ക് അബ്ദുള്ള. ഒന്നായിക്കിടന്നിരുന്ന ഇന്ത്യാവയ്യിയപരിഗണനകളുടെ അടിസ്ഥാനത്തിൽ പാക്കിസ്ഥാനെന്നും ഇന്ത്യയെന്നുമുള്ള രണ്ടു ഭാഗങ്ങളായി വെട്ടിമുറിക്കപ്പെട്ടെങ്കിലും മുഹമ്മദീയനായ ഷേക്ക് അബ്ദുള്ളയും അദ്ദേഹം പ്രതിനിധാനം ചെയ്തിരുന്ന കാശ്മീരും അവരുടെ ഭാഗധേയം ഇന്ത്യയുടേതിനോടു് കൂട്ടിക്കെട്ടാനാണു് തുല്യരീതിയിൽ പ്രയത്നിച്ചതു്. സ്വാതന്ത്ര്യലബ്ധിക്കു ശേഷം പാക്കിസ്ഥാനെന്നും കാശ്മീർ അതിന്റെയിൽ പ്രവേശിക്കുകയും അങ്ങിനെ ആ രാജ്യത്തിന്റെ സ്വാതന്ത്ര്യം അപകടത്തിലാവുകയും ചെയ്തപ്പോൾ കാശ്മീരിലെ ഭരണാധികാരിയുടേയും അന്നത്തെ കോശസ്ഥിതിയിൽനിന്നു് വാരിക്കോരി പണം ചിലവിട്ടുകൊണ്ടിരുന്ന കാശ്മീരിൽ, അതിപ്പോഴും ഉടനടി. ന്യൂറാണ്ടുകളായി അവിടെ നിലനിന്നിരുന്ന ഫ്യൂഡൽവ്യവസ്ഥിതി പൊളിച്ചെഴുതി കർഷകപ്രധാനമായ ആ രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ പുരോഗമനാത്മകമായ പരിശ്രമങ്ങളും പലതും അവിടെ നാം നടപ്പിലാക്കി. അങ്ങിനെ പാലൂട്ടി നാം വളർത്തി സംരക്ഷിച്ചുവന്ന കാശ്മീർ ഇന്ത്യയുടെ അവിഭാജ്യഘടകമാണെന്നു് നാം വിശ്വസിക്കുന്നു, ലോകം കരുതുന്നു, ഷേക്ക് അതു പണ്ടേ സമ്മതിച്ചിട്ടുമുണ്ടു്.

പക്ഷെ അങ്ങിനെയിരിക്കുമ്പോഴാണു് ഷേക്ക് അബ്ദുള്ളക്കു് ബോധോദയമെയ്തതു് ഇന്ത്യയോടു് അതു തന്നെ ഒട്ടിച്ചേർന്നു നില്ക്കേണ്ടതായ യാതൊരാവശ്യവുമില്ലെന്നു. ഒരു ഗവൺമെന്റെന്നും അവകാശപ്പെടുന്ന സ്ഥാപനത്തിനു് ഇതരം ചിന്താഗതി വകവെച്ചുകൊടുക്കാനാവില്ല. ഷേക്ക് ബന്ധനസ്ഥനായി. ഏറെക്കാലത്തെ കാരാഗൃഹവാസത്തിനുശേഷം അദ്ദേഹം ഇന്ത്യയുടെ രണലിൽ വള്ളുന്ന കാശ്മീരിന്റെ അഭിവൃദ്ധി ഉദ്ദേശിച്ചിട്ടെങ്കിലും പഴയ മനോഭാവം മാറുമെന്നു കരുതി ഇന്ത്യഗവണ്മെന്റു് അദ്ദേഹത്തെ തടവിൽനിന്നു് വിമോചിതനാക്കി. നാടുവിട്ടു് കെങ്കേമങ്ങളായ സ്വീകരണങ്ങളാണു് അദ്ദേഹത്തിനു് നൽകപ്പെട്ടതു്. അദ്ദേഹം വിദേശം പൊതുജനശ്രദ്ധ ആകർഷിച്ചുതുടങ്ങി. ജവഹർലാൽ നെഹ്റു മരിച്ചെന്നു കേട്ടപ്പോൾ മാനവഭഞ്ജനനായിത്തീർന്ന അദ്ദേഹം നെഹ്റുവിന്റെ മൃതദേഹം ദർശിച്ചതോടുകൂടി തട്ടക്കാനാവാത്ത കണ്ണീർച്ചാലുകളുടെ രൂപത്തിൽ

തലസ്ഥാന വാർത്തകൾ

(സ്വന്തം ലേഖകൻ) മാർച്ച് 19

ആററിങ്ങൽ, നെടുമങ്ങാട്, നെയ്യാററിൻകര എന്നീ കേന്ദ്രങ്ങളിലുള്ള ഹോം ഗാർഡ് വാളൻറിയർമാർക്ക് മാർച്ച് 22, 23, 24, 25 എന്നീ തീയതികളിൽ അതതു കേന്ദ്രത്തിൽവെച്ചു രെയിനിംഗ് ഉണ്ടായിരിക്കുന്നതാണെന്നു തിരുവനന്തപുരം ജില്ലാ ഹോംഗാർഡ്സ് കമൻഡാൻറ് അറിയിക്കുന്നു.

സയൻറിഫിക് അസിസ്റ്റൻറുമാരെ ആവശ്യമുണ്ട്

കേന്ദ്രഗവമ്മെൻറിൻെറ കീഴിലുള്ള ഒരു സ്ഥാപനത്തിൽ പ്രതിമാസം 210-425 രൂപ ശമ്പളനിരക്കിൽ സയൻറിഫിക് അസിസ്റ്റൻറുമാരുടെ ഏതാനും ജോലി ഒഴിവുകളുണ്ട്. ഫിസിക്സും കെമിസ്ട്രിയുമെടുത്തോ അല്ലങ്കിൽ ഫിസിക്സ് മാത്രമെടുത്തോ ഓണേഴ്സ് ബിരുദമോ മാസ്റ്റർ ബിരുദമോ സമ്പാദിച്ചവർക്ക് പ്രസ്തുത തസ്തികകളിലേക്ക് അപേക്ഷിക്കാം. അപേക്ഷകരുടെ പ്രായം 20-നും 25-നും മദ്ധ്യേയായിരിക്കണം. അപേക്ഷകർക്ക് ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ മാർച്ച് 25-ാംനു-ക്കകം അടുത്തുള്ള എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിലോ എംപ്ലോയ്മെൻറ് ഇൻഫർമേഷൻ ആൻറ് അസിസ്റ്റൻറ്സ് ബ്യൂറോയിലോ അന്വേഷിച്ചാൽ ലഭിക്കുന്നതായിരിക്കും.

ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഹ്രസ്വകാല പരിശീലന കോഴ്സ്

പബ്ലിക്ക് ഹെൽത്ത്, മുനിസിപ്പാലിററി എന്നീ ഡിപ്പാർട്ടുമെൻറുകളിലെ ജീവനക്കാർക്കുവേണ്ടി ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒരു ഹ്രസ്വകാല പരിശീലന കോഴ്സ് അടുത്ത ജൂലൈ ആദ്യവാരം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആരംഭിക്കുന്നതാണെന്നു പ്രസ്തുത കോളേജ് പ്രിൻസിപ്പൽ അറിയിക്കുന്നു. ഈ പരിശീലനകോഴ്സിൻെറ കാലാവധി മൂന്നു മാസമായിരിക്കും. ഇതിലേക്കുള്ള അപേക്ഷകൾ ഹെൽത്ത് സർവ്വീസസ് ഡയറക്ടറുടെ ആഫീസിൽ കിട്ടിയിരിക്കേണ്ട അവസാന ദിവസം 1965 ഏപ്രിൽ പത്താംതീയതിയാണ്. അപേക്ഷാഫാറത്തിൻെറ മാതൃക, പരിശീലനകോഴ്സിനെപ്പററിയുള്ള മററ വിവരങ്ങൾ എന്നിവ ഹെൽത്ത് സർവ്വീസസ് ഡയറക്ടറുടെ ആഫീസിൽനിന്നും ലഭിക്കുന്നതാണ്.

ഹിന്ദി ഫെഡറേഷൻ

ആൾ ഇന്ത്യാ ഹിന്ദിഫെഡറേഷൻ എക്സിക്യൂട്ടീവ് കമ്മററിയംഗങ്ങളായ ശ്രീ. ഗോപാലറാവു (ഹൈദരാബാദ്) ശ്രീ. കെ. പി. അലികുഞ്ഞ് (കേരളം) എന്നിവർ കേരള ഹിന്ദി പ്രചാരസഭയുടെയും ഹിന്ദിപ്രചാര പരിഷത്തിൻെറയും ഭാരവാഹികളുമായി സംഘടനകളുടെ പ്രവർത്തനങ്ങളെക്കുറിച്ചു ചച്ചനടത്തി ചില സുപ്രധാന തീരുമാനങ്ങൾ എടുത്തിരിക്കുന്നു.

ജോലി ഒഴിവുകൾ

വിവിധ രജിസ്റ്റർ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന രജിസ്റ്റർ സംഘടനകളിൽ പ്രതിമാസം 210-425 രൂപ ശമ്പളക്രമത്തിൽ ഏതാനും മാനേജർമാരുടെ ജോലി ഒഴിവുകളുള്ളതായി സ്റ്റേററ് എംപ്ലോയ്മെൻറ് കോഓർഡിനേഷൻ ആഫീസർ അറിയിക്കുന്നു. ബിരുദവും, പൊതുവിജ്ഞാനവും, ഇന്ത്യയിലെ രജിസ്റ്റർ കേന്ദ്രങ്ങളെക്കുറിച്ച് അറിവും, അക്കൌണ്ട് ജോലിയിൽ പരിചയവും ഉള്ളവർക്ക് ഇതിലേക്കപേക്ഷിക്കാവുന്നതാണ്. ഹോട്ടൽ മാനേജ്മെൻറിലോ, കേററിംഗ് കോഴ്സിലോ ഡിപ്ലോമയുള്ളവർക്ക് മുൻഗണന നൽകുന്നതാണ്. അപേക്ഷകരുടെ പ്രായം 21-നും 25-നും മദ്ധ്യേയായിരിക്കണം. ഇതു സംബന്ധിച്ച വിശദവിവരങ്ങൾക്ക് മാർച്ച് 27-ാം തീയതിക്കകം അടുത്തുള്ള എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിലോ എംപ്ലോയ്മെൻറ് ഇൻഫർമേഷൻ ആൻറ് അസിസ്റ്റൻസ് ബ്യൂറോയിലോ അന്വേഷിക്കേണ്ടതാണ്.

ഡ്രഗ്സ് ലൈസൻസ് സസ്പെൻറുചെയ്തു

ഡ്രഗ്സ് ആൻറ് കോസ്മെററിക്സ് ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഔഷധവ്യാപാരം നടത്തിയതിനു കണ്ണൂർ ജില്ലയിലെ കമ്പളയിലുള്ള ശ്രീ ഗോപാലകൃഷ്ണ ഫാർമസി ഉടമസ്ഥൻ ശ്രീ. എം. അനന്തപ്രഭുഷേണായിയുടെ പേരിൽ 20, 21 എന്നീ ഫാറങ്ങളിൽ നൽകിയിരുന്ന ഡ്രഗ്സ് ലൈസൻസുകൾ പതിനഞ്ചു ദിവസക്കാലത്തേക്ക് സസ്പെൻറു ചെയ്തിരിക്കുന്നതായി ഡ്രഗ്സ് കൺട്രോളർ അറിയിക്കുന്നു.

സർവ്വേസ്കൂൾ പ്രവേശന പരീക്ഷ

തൃശ്ശൂരും, കണ്ണൂരും സർവ്വേ സ്കൂളുകളിലേക്കുള്ള പ്രവേശനപരീക്ഷ 1965 ഏപ്രിൽ 10-ാംനു-കാലത്തു 10 മണിക്ക പ്രസ്തുത സ്കൂളുകളിൽവെച്ചു നടത്തപ്പെടുന്നതാണ്. ഇതിലേക്കുള്ള അപേക്ഷകൾ മാർച്ച് 31-ാംനു-ക്ക് മുൻപായി തിരുവനന്തപുരം സർവ്വേ ഡയറക്ടർ ആഫീസിൽ കിട്ടത്തക്കവണ്ണം അയച്ചിരിക്കണം. വിശദവിവരങ്ങൾ മാർച്ച് 2-ാംനു-യിലെയും, 9-ാംനു-യിലെയും ഗസററുകളിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

എക്സിബിഷൻ ആഡിറേറാറിയത്തിൽ ശിശുപ്രദർശനം

തിരുവനന്തപുരം കോർപ്പറേഷൻ ശിശുസംരക്ഷണ വകുപ്പിൻെറ ആഭിമുഖ്യത്തിൽ 1965 മാർച്ച് 20-ാംനു-രാവിലെ 11 മണിക്ക ശേഷം ഒന്നും എക്സിബിഷൻ ആഡിറേറാറിയത്തിൽ വെച്ചു 6 മാസംമുതൽ മൂന്നുവയസ്സുവരെ പ്രായമുള്ള ശിശുക്കളുടെ പ്രദർശനം ഉണ്ടായിരിക്കും. വാഴ്ചകമ്മിററി തെരഞ്ഞെടുക്കുന്ന ആരോഗ്യ ശിശുക്കൾക്ക് സമ്മാനദാനവും പ്രദർശനത്തിൽ പങ്കെടുക്കുന്ന എല്ലാ ശിശുക്കൾക്കും പാൽവിതരണവും ഉണ്ടായിരിക്കും. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന രക്ഷകർത്താക്കൾ കുഞ്ഞുങ്ങളെ രാവിലെ 9 മണിക്ക മുൻപ് എക്സിബിഷൻ ആഡിറേറാറിയത്തിൽ ഹാജരാക്കണമെന്ന് കോർപ്പറേഷൻ കമ്മീഷണർ അഭ്യർത്ഥിക്കുന്നു.

ശ്രീരാമകൃഷ്ണജയന്തി

ശ്രീരാമകൃഷ്ണ വിവേകാനന്ദന്മാരുടെ ജന്മദിനാഘോഷത്തിനായി പുത്തൻചന്ത ഹിന്ദുമത ഗ്രന്ഥശാലയിൽ മാർച്ച് 20, 21 (ശനി, ഞായർ) എന്നീ തീയതികളിൽ വൈകുന്നേരം 6-30 മണി മുതൽ പൊതുയോഗങ്ങളും പ്രസംഗങ്ങളും ഉണ്ടായിരിക്കുന്നതാണ്. ആദ്യത്തെ ദിവസം ശ്രീ. എ. എൻ. തമ്പി ആദ്ധ്യക്ഷം വഹിക്കുന്നതും ശ്രീ. കെ. ബാലരാമപ്പണിക്കർ, യൂണിവേഴ്സിററി കോളേജ് പ്രിൻസിപ്പൽ ഡോ: എൻ. എസ്. വാരിയർ എന്നിവർ പ്രസംഗിക്കുന്നതുമാണ്. രണ്ടാമത്തെ ദിവസം ശ്രീ. മടകനിക്കര കമാരപ്പിള്ളി അദ്ധ്യക്ഷനും, ശ്രീ കെ. രാമചന്ദ്രൻനായർ, ശ്രീമതിമാരായ പത്മാവതി അമ്മ, ബി. ഏദയകുമാരി ഇവർ പ്രാസംഗികരുമായിരിക്കും.

....

കോൺഗ്രസ്സിനു "കേന്ദ്രൻ" നല്കിയപണം

ലിങ്ക് വാരികയിലെ റിപ്പോർട്ട്

തിരുവനന്തപുരം മാ. 18

കേരളത്തിലെ പി. സി. സി. നേതാക്കന്മാർ തിരഞ്ഞെടുപ്പുപരാജയത്തിനുള്ള ഉത്തരവാദിത്വം മെ. എസ്. കെ. പാട്ടീലിലും അതുല്യഘോഷിലുമാണു ചുമത്തുന്നതെന്നു ലിങ്ക്‌വാരിക റിപ്പോർട്ടുചെയ്യുന്നു. 25 ലക്ഷം രൂപ തിരഞ്ഞെടുപ്പു ചിലവുകൾക്ക് അയച്ചുകൊടുക്കുമെന്നു വാഗ്ദാനം ചെയ്തിരുന്ന ഇവർ 6 ലക്ഷം രൂപ മാത്രമാണ് നൽകിയതത്രെ. ഇതു് അവസാനഘട്ടങ്ങളിൽ പി. സി. സിക്ക് പല ദുർഘടങ്ങളും സൃഷ്ടിക്കയും ഒരു വിഷമഘട്ടംതന്നെ അവർ നേരിടേണ്ടിവരികയും ചെയ്തു. ഒടുവിൽ ശ്രീ. കാമരാജ് മദ്രാസിൽ ചെന്നു 3 ലക്ഷം രൂപ ശേഖരിച്ചുകൊണ്ടുവന്നാണത്രെ കോൺഗ്രസ് സംഘടനയെ ഇത്രയെങ്കിലും സംരക്ഷിച്ചതു്. കേരളത്തിലെ 3 പത്രങ്ങൾക്ക് നൽകപ്പെട്ട 3 ലക്ഷം രൂപയും എം. ആർ. എ. സംഘടന ഒരു പത്രം മുഖേന തിരഞ്ഞെടുപ്പിനുവേണ്ടി ചിലവഴിച്ച 3 ലക്ഷം രൂപയും ഇതിൽ പെടുത്തിയിട്ടില്ല.

മോട്ടോർവാഹന അപകടങ്ങളിൽപെട്ടവർക്ക് നഷ്ടപരിഹാരം

തിരുവനന്തപുരം, മാ 18

മോട്ടോർഅപകടങ്ങൾമൂലം കഷ്ടനഷ്ടങ്ങൾ നേരിട്ടവർക്കും, ജീവാപായംസംഭവിച്ചവരുടെ അനന്തരാവകാശികൾക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള തേർഡ്പാർട്ടി ഇൻഷ്വറൻസ് പദ്ധതിയനുസരിച്ച പഴയങ്ങാടി മൈസനബായുടെയും, പഴയംഗലം ശ്രീ കുഞ്ഞരാമൻെറയും, ചെങ്ങന്നൂർ ശ്രീ ഗോപാലകൃഷ്ണൻഭട്ടതിരിയുടെയും അനന്തരാവകാശികൾക്ക 3500 ക. വീതം നഷ്ടപരിഹാരം അനുവദിച്ചിരിക്കുന്നു. തിരുവല്ലാ ശ്രീ പരമേശ്വരക്കുറുപ്പിനു 2500 കയും, മല്ലപ്പള്ളി ശ്രീ നാരായണപിള്ള ഗോവിന്ദപ്പിള്ളയ്ക്കു 2200 കയും, പുനലൂർ ശ്രീ സുബ്ബലമാനൻെറയും, ഓച്ചിറ ശ്രീശങ്കരപ്പിള്ളയുടെയും, മാരാരിക്കുളം ശ്രീമതി മാധവിയുടെയും അനന്തരാവകാശികൾക്കും, ചേർത്തല അസീസ് എന്ന കുട്ടിയുടെ മാതാപിതാക്കൾക്കും, തിരുവനന്തപുരത്തു ശ്രീമതി കതീജാബീവി ഐഷാബീവിക്കും, മൂവാററുപുഴ ശ്രീ ഇബ്രാഹിം മീരാൻകുട്ടിക്കും 2000 ക വീതവും അനുവദിച്ചു.

വൈക്കം രത്നമ്മ എന്ന പെൺകുട്ടിയുടെ മാതാപിതാക്കന്മാർക്ക് 1750 കയും ആറന്മുള ശ്രീ ഗീവറുഗീസ് ജോർജിനു് 1650 കയും, പാലാ ശ്രീ എ ജെ മാത്യൂവിനും, കോട്ടയം ശ്രീ കുഞ്ഞിക്കുട്ടിയുടെ മാതാവിനും 1500 ക വീതവും, പത്തനംതിട്ട ശ്രീ നാരായണപ്പണിക്കർ നാണപ്പണിക്കർക്കും, ഓച്ചിറ ശ്രീമതി എം കെ കമലാബായിക്കും 1400 ക വീതവും കോട്ടയം ശ്രീമതി മറിയയ്ക്കും, തിരുവനന്തപുരത്തു ശ്രീ ഗംഗാധരനും, ചേർത്തല ശ്രീ രാമൻനാരായണനും 1250ക വീതവും അനുവദിച്ചിരിക്കുന്നു. ഏററമാനൂർ ഇക്ബാൽ എന്ന കുട്ടിയുടെ മാതാപിതാക്കൾക്ക് 1000 കയും, തിരുവല്ല ശ്രീ മത്തായിചാക്കോയ്ക്കു 900 കയും, ചിറയിൻകീഴ് ശ്രീ വി സോമനും, തിരുവല്ല ശ്രീ പ്രഭാകരൻനായർക്കും, ആലപ്പുഴ നീന എന്ന കുട്ടിയുടെ മാതാപിതാക്കന്മാർക്കും 850 ക വീതവും, തൃശ്ശൂർ സുമിത്ര എന്ന പെൺകുട്ടിയുടെ മാതാപിതാക്കന്മാർക്ക് 750 കയും, തിരുവനന്തപുരം ശ്രീമതി സരളാദേവിക്കും, കമളി ശ്രീ മുത്തുപിള്ളയ്ക്കും 500 ക വീതവും, തലശ്ശേരി ശ്രീ ജോസഫ് മല്ലിയാംഗനു 400 കയും, തിരുവനന്തപുരം അബ്ദുൾറഹിം എന്ന കുട്ടിയുടെ മാതാപിതാക്കന്മാർക്ക് 150 കയും നഷ്ടപരിഹാരം അനുവദിച്ചിരിക്കുന്നു.

—

തലയ്ക്കുമുകളിലെ 'തമ്മിൽതല്ല്'

'റേഞ്ചർ ഒമ്പത്' നാളെ ചന്ദ്രനുനേർക്ക് ചീറിയടുക്കും—

ഗ്രിസ്സോമും യംഗും പറക്കാൻ ചിറകടിച്ചുനില്ക്കുന്നു

കേപ്കെന്നഡി ഫ്ളോറിഡാ മാ. 19 (അമേരിക്കയും റഷ്യയും ആകാശത്തു 'തമ്മിൽ തല്ല്' നടത്തുകയാണിരിക്കുകയാണല്ലോ? റഷ്യ കഴിഞ്ഞദിവസം ഒരു വലിയ പരീക്ഷണം നടത്തി. അടുത്തതു അമേരിക്കയുടേതാണ്)

ചന്ദ്രൻെറ ഫോട്ടോകൾ എടുക്കാൻവേണ്ടിയുള്ള അമേ: 'റേഞ്ചർ' ശൂന്യാകാശവാഹന പരമ്പരയിൽ അവസാനത്തേതു് അടുത്ത ഞായറാഴ്ച വിക്ഷേപിക്കുന്നതായിരിക്കും.

800 റാത്തൽഭാരമുള്ള 'റേഞ്ചർ ഒമ്പതു്' എന്ന ഈ ശൂന്യാകാശ വാഹനത്തിൻെറ ലക്ഷ്യം ചന്ദ്രനിലെ പ്രധാനപ്പെട്ട ഗർത്തങ്ങളിൽ ഒന്നു്—മിക്കവാറും അൽഫോൻസസ്—ആയിരിക്കും. ഈ ഗർത്തത്തിൽ നിന്നു് പുകപ്പൊങ്ങുന്നതായി കണ്ടുപിടിക്കപ്പെട്ട ഒരുതരം വാതകം ചന്ദ്രഗോളം മുഴുവനും തണുത്തതോ നിശ്ചലമോ അല്ലെന്നും സൂചിപ്പിക്കുന്നുണ്ട്.

സാങ്കേതികമായ പ്രതിബന്ധങ്ങളൊന്നും ഉണ്ടാകാതിരിക്കുകയും കാലാവസ്ഥ മോശമാകാതിരിക്കുകയും ചെയ്താൽ ഞായറാഴ്ച റേഞ്ചർ ഒമ്പതിൻെറ വിക്ഷേപണം നടക്കുമെന്നു് ദേശീയ വ്യോമയാനശൂന്യാകാശഭരണസ്ഥാപനം (നാസാ) പ്രഖ്യാപിച്ചു. അത്യന്തം വിജയകരമായി പ്രവർത്തിച്ച റേഞ്ചർ ഏഴും റേഞ്ചർ എട്ടുംപോലെ തന്നെ റേഞ്ചർ ഒമ്പതിലും ഏതാനും ടെലിവിഷൻ ക്യാമറകൾ ഉണ്ടായിരിക്കുന്നതാണ്. റേഞ്ചർ ഒമ്പതു് ചന്ദ്രനിൽചെന്നു പതിക്കും മുമ്പ് ചന്ദ്രൻെറ ഏററവും അടുത്തു നിന്നുള്ള അനേകായിരം ഫോട്ടോകൾ ഈ ക്യാമറകളെടുക്കും.

റേഞ്ചർ ഒമ്പതിൻെറ വിക്ഷേപണത്തിനു് ഒരു അററ്ലസ് അജീന റോക്കററാണ് ഉപയോഗിക്കുക. ചന്ദ്രനിലേയ്ക്കുള്ള 2,40,000 മൈൽ യാത്രയ്ക്ക് ഇതു് 65 മണിക്കൂർ എടുക്കുന്നതാണ്. ചന്ദ്രനിലേയ്ക്കുള്ള ഈ വിക്ഷേപണത്തിനു് ഏററവും അനുകൂലമായ കാലം മാർച്ച് 21 മുതൽ 26 വരെയുള്ള ദിവസങ്ങളാണ്. ഈ ദിവസങ്ങൾക്കുള്ളിൽ റേഞ്ചർ ഒമ്പതിൻെറ വിക്ഷേപണം സാധിക്കാതെ പക്ഷം, അനിശ്ചിതമായി മാററിവയ്ക്കേണ്ടിവരുന്നതാണ്.

ചന്ദ്രനിലെ 'മാരിയം' ഉപരിതലത്തിലെ 50 ശതമാനത്തിലധികം ഉൾപ്പെടുന്ന മൂടലായ സമതലം) പൊളളമൂടലാണെന്നും, മനുഷ്യനു് ഇറങ്ങാൻ യോജിച്ചതാണെന്നും റേഞ്ചർ ഏഴും റേഞ്ചർ എട്ടും എടുത്ത പതിനായിരത്തിൻപരം ചിത്രങ്ങൾ വ്യക്തമാക്കുന്നു. ചന്ദ്രൻെറ ഉപരിതലത്തിൻെറ ഉറപ്പു പരിശോധിക്കാൻ മനുഷ്യൻ കയറാനുള്ള 'സർവ്വേയർ' ശൂന്യാകാശവാഹനം പിന്നീടു് വിക്ഷേപിക്കുന്നതാണ്.

പ്കെന്നഡിപ്ലെ കാലാവസ്ഥ പ്രതികൂലമല്ലാതിരിക്കുകയും സാങ്കേതികമായ കുഴപ്പങ്ങളൊന്നും ഉണ്ടാകാതിരിക്കുകയും ചെയ്യുന്നപക്ഷം രണ്ടുപേർ കയറിയ അമേരിക്കയുടെ പ്രഥമ ശൂന്യാകാശവാഹനത്തെ ഭൂമിയെ ചുററിയുള്ള ഒരു ഭ്രമണപഥത്തിലേയ്ക്കു് അടുത്ത ചൊവ്വാഴ്ച രാവിലെ വിക്ഷേപിക്കുന്നതാണ്. ശൂന്യാകാശസഞ്ചാരികളായ വെർജിൽ ഐ. ഗ്രിസ്സോമും ജോൺ ഡബ്ലിയു യംഗുമായിരിക്കും ആ ശൂന്യാകാശവാഹനത്തിൽ ഉണ്ടായിരിക്കുക.

ഒരു ജമിനി ശൂന്യാകാശവാഹനത്തിൽ ഇവരിരുവരും ഭൂമിയെ മൂന്നു തവണ ചുററിയശേഷം ബഹാമാസിലെ ഗ്രാൻഡ് ടർക്ക ദ്വീപിനു സമീപമായി അററ്ലാൻറിക് സമുദ്രത്തിൽ വന്നിറങ്ങണമെന്നാണു് പരിപാടി. വിക്ഷേപണത്തിനുശേഷം 4 മണിക്കൂർ 50 മിനിററ് കഴിയുമ്പോൾ ശൂന്യാകാശ വാഹനം സമുദ്രത്തിൽവന്നു പതിക്കുന്നതാണ്.

ഒരാൾ കയറിയ മെർക്കറി ശൂന്യാകാശവാഹനങ്ങളുടെ കാര്യത്തിലെന്നപോലെതന്നെ, ജമിനി വാഹനത്തിൻെറ വിക്ഷേപണവും സഞ്ചാരവും സമ്പൂർണ്ണം പരസ്യമായിത്തന്നെ നടത്തപ്പെടുന്നതും ടെലിവിഷനിൽക്കൂടി രാജ്യമൊട്ടുക്ക കാണാൻ കഴിയുന്നതുമാണ്. അമേരിക്കയിലും വിദേശങ്ങളിലുംനിന്നുള്ള ആയിരത്തോളം പത്രലേഖകന്മാർ കേപ് കെന്നഡിയിൽ ഇതു സംബന്ധിച്ചു് വന്നുകൂടുമെന്നു് പ്രതീക്ഷിക്കപ്പെടുന്നു.

1965-67 വർഷങ്ങളിൽ മനുഷ്യൻ കയറിയ ജമിനി വാഹനങ്ങളുടെ പത്തു ശൂന്യാകാശസഞ്ചാരങ്ങൾ നടത്താൻ പരിപാടിയുള്ളതിൽ ആദ്യത്തേതാണ് ഇപ്പോൾ നടത്തുന്നതു്. ഈ പത്തു സഞ്ചാരങ്ങൾക്കുശേഷം മൂന്നുപേർ കയറിയ അപ്പോളോ വാഹനങ്ങളുടെ സഞ്ചാരങ്ങൾ നടക്കും. ഈ സഞ്ചാരങ്ങളുടെയെല്ലാം ഉച്ചാവസ്ഥയെ കുറിച്ചുകൊണ്ട് 1970 ആകമ്പോഴേയ്ക്കും ശൂന്യാകാശസഞ്ചാരികൾ ചന്ദ്രനിൽ ഇറങ്ങുന്നതാണ്.

ഒരു പത്തുനില കെട്ടിടത്തിൻെറയത്ര ഉയരമുള്ളതും രണ്ടു ഘട്ടങ്ങളായി പ്രവർത്തിക്കുന്നതും 4,30,000 റാത്തൽതള്ളൽശക്തി നൽകുന്നതുമായ 'ടൈററൻ രണ്ടു്' എന്ന റോക്കററ് ശൂന്യാകാശസഞ്ചാരികൾ കയറിയ വാഹനത്തെ ഭൂമിയിൽനിന്നു 100 മൈൽ മുതൽ 150 മൈൽ വരെ ഉയരത്തിലുള്ള ഒരു പ്രാരംഭ ഭ്രമണപഥത്തിൽ എത്തിക്കുന്നതാണ്.

ജമിനി വാഹനത്തിൻെറയും അതിലെ ശൂന്യാകാശ സഞ്ചാരികളുടെയും പ്രവർത്തനശേഷം പരിശോധിക്കുകയാണ് ഈ സഞ്ചാരത്തിൻെറ മുഖ്യമായ ഉദ്ദേശം. അമേരിക്കക്കാരും റഷ്യക്കാരും ഇതിനു മുമ്പു നടത്തിയ പരീക്ഷണങ്ങൾ സാമാന്യം ദീർഘമായ സഞ്ചാരത്തിനുശേഷം ശൂന്യാകാശസഞ്ചാരികളുടെ രക്തത്തിനു് അൽപം മാററമുണ്ടാകുന്നുവെന്നു് സൂചിപ്പിക്കുകയുണ്ടായി. ചന്ദ്രനിൽ ഇറങ്ങി തിരിച്ചു ഭൂമിയിൽ വരുന്നതിനു് ആറു ദിവസം വേണ്ടിവരും. ഇത്രയും ദീർഘിക്കുന്ന ശൂന്യാകാശസഞ്ചാരം സുരക്ഷിതമായിരിക്കുമോയെന്നു് കണ്ടുപിടിക്കുകയാണു് ജമിനി പരിപാടിയുടെ മുഖ്യലക്ഷ്യം.

അമേരിക്കയുടെ രണ്ടാമത്തെ മെർക്കറി ശൂന്യാകാശവാഹനത്തിൽ സഞ്ചരിച്ച ഗ്രിസ്സോം വിമാനസേനയിലെ ഒരു മേജറാണ്. 1961 ജൂലൈ 21-ാം തീയതി 'ലിബർട്ടി ബെൽ ഏഴ്' എന്ന വാഹനത്തിൽ ഒരു ഭാഗിക ഭ്രമണപഥസഞ്ചാരം അദ്ദേഹം നടത്തി. ഏപ്രിൽ 3-ാം തീയതി അദ്ദേഹത്തിനു് 39 വയസ്സ് പ്രായമാകുന്നതാണ്. 34 വയസ്സുള്ള ജോൺ യംഗ് ഇതിനു മുമ്പ് ശൂന്യാകാശസഞ്ചാരം നടത്തിയിട്ടില്ല.

64 പുഷ്പകവിമാനങ്ങളും 250 ബ്രോഡ്ഗേജ് കോച്ചുകളും നിർമ്മിച്ച ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സിൻെറ പ്രവർത്തനം

ബാംഗ്ലൂർ മാ. 18

ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിററഡിൻെറ ബാംഗ്ലൂർ ഡിവിഷൻ (മുമ്പത്തെ ഹിന്ദുസ്ഥാൻ എയർ ക്രാഫ്റ്റ് ലിമിററഡ്) കഴിഞ്ഞകൊല്ലം മാർച്ച് വരെ 64 'പുഷ്പക' പരിശീലനവിമാനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയിരിക്കുന്നു. കമ്പനിയുടെ 1963-64-ലെ വാർഷികറിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളതാണ് ഇക്കാര്യം. ഇന്ത്യൻ വ്യോമസേന ചില ആവശ്യങ്ങൾക്കു തിരഞ്ഞെടുത്തിട്ടുള്ള 'കൃഷക' വിമാനത്തിൻെറ നിർമ്മാണവും അല്പട്ട് ഹെലികോപ്ടറിൻെറ നിർമ്മാണം സംബന്ധിച്ച പ്രാരംഭജോലികളും തുടങ്ങിയിരുന്നു.

റിപ്പോർട്ടുവർഷം എച്ച്. എഫ്. 24 എന്നപേരിൽ രണ്ടു് സൂപ്പർസോണിക് ജററ് യുദ്ധവിമാനങ്ങൾ നിർമ്മിച്ചു് വ്യോമസേനയെ ഏല്പിച്ചു. എച്ച്. ജെ. ടി 16 എന്നതരം ജററ് പരിശീലനവിമാനം ആദ്യമായി പറപ്പിച്ചു നോക്കുകയും ചെയ്തു. ഇതിനുവേണ്ടി ഒരു ടർബോ-ജററ് എഞ്ചിൻ ഡിസൈൻ ചെയ്യലും മിഗ്ഫാക്ടറികൾക്കാവശ്യമായ വിദഗ്ദ്ധജോലിക്കാരെ പരിശീലിപ്പിച്ചതുമാണ് മററ രണ്ടുനേട്ടങ്ങൾ. റെയിൽകോച്ച് വിഭാഗം 1963-64-ൽ 250 ബ്രോഡ്ഗേജ്കോച്ചുകൾ പൂർത്തിയാക്കി.

....

ആക്ഷേപങ്ങളും ആവശ്യങ്ങളും

എന്യൂമറേഷൻ പണമെവിടെ?

സ്റ്റേററിലൊട്ടാകെ റേഷനിങ്ങു നടപ്പാക്കിയപ്പോൾ, ഇക്കഴിഞ്ഞ നവരാത്രി ഒഴിവുദിനങ്ങളിൽ നിരവധി ക്ലേശങ്ങൾ സഹിച്ചുകൊണ്ടാണ് ഈ നാട്ടിലെ അദ്ധ്യാപകർ റേഷൻ വിതരണത്തിനുള്ള പ്രാരംഭനടപടികൾ പൂർത്തിയാക്കിയതു്.

നാലുമാസമായിട്ടും യാതൊരു പ്രതിഫലവും അവർക്ക് ലഭിച്ചിട്ടില്ലെന്നു് കാണുന്നതു് തികച്ചും വേദനാകരമത്രേ. അതുകൊണ്ട് വേണ്ടപ്പെട്ടവരുടെ സത്വരശ്രദ്ധ ഇക്കാര്യത്തിലേക്ക് തിരിച്ചു കാണാമെന്നു് പ്രതീക്ഷിക്കുന്നു.

അറിയുന്നവർ കൊററനെല്ലൂർ, മാർച്ച്, 17.

ശമ്പളമില്ലേ?

പല സ്കൂളുകളിലെയും അദ്ധ്യാപകർക്ക് ഇതുവരെയും ജൂൺമാസം മുതലുള്ള ശമ്പളം ലഭിച്ചിട്ടില്ലെന്നു് ആവലാതികൾ ഉയരാൻ തുടങ്ങിയിരിക്കുന്നു. സ്കൂൾ മൂന്നു ഉടനെയുള്ള വിദ്യാഭ്യാസ അധികൃതരുടെ ആഫീസിൽ സെൽഫ്ത് പോരാത്ത ക്ലാസ്സുകളിലെ അദ്ധ്യാപകർക്കാണ് ഈ ദുരന്തം നേരിട്ടിട്ടുള്ളതു്. മഴക്കാലവും രോഗബാധയുമാണ് അന്നല്ലാം പല ക്ലാസുകളിലും വിദ്യാർത്ഥികളുടെ ഹാജർ കുറയാൻ കാരണം. എന്നാൽ ഈ കാരണമുള്ള ക്ലാസ്സുകളിൽ അതിൽ പിന്നെ റീ-ഫിക്സേഷൻ നടത്തുകയും സ്ട്രെങ്ങ്ത് തൃപ്തികരമാണെന്നു് അധികൃതർ തന്നെ സമ്മതിക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ വിവരം എറണാകുളം ആർ. ഡി. ഡി. ഓഫീസിലേയ്ക്കു് അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതുവരെയും ആ ക്ലാസുകളിലെ അദ്ധ്യാപകർക്ക് ശമ്പളം നല്കാൻ അധികൃതർ മുതിർന്നു കാണുന്നില്ല.

പണം ക്ഷാമത്തിൽ കെട്ടികൊടുത്താൽ അത്ര അരി കിട്ടാൻപോലുമില്ലാത്ത ഇക്കാലത്തു് ജൂൺ മുതൽ ഒരു നയാപൈസയും ശമ്പളം കിട്ടാതെ വലയൽ പാവപ്പെട്ട അദ്ധ്യാപകർ എങ്ങിനെയാണു് ഉത്തരവാദപ്പെട്ടവർ കനിഞ്ഞു സാവകാശം ചിന്തിക്കുമെങ്കിൽ—?

അനുഭവസ്ഥൻ പാപ്പർ. മാ. 17.

—

സംഗതി തിരിഞ്ഞു

മണ്ണുത്തി, മാ. 18

വെള്ളാനിക്കര ആൻഡ് തട്ടിൽ റബ്ബർ എസ്റ്റേററ് തൊഴിലാളി യൂണിയൻ സെക്രട്ടറി പോൾ ചാളർ എഴുതുന്നു.

കഴിഞ്ഞ മൂന്നുനാലു മാസമായി വെള്ളാനിക്കര ആൻഡ് തട്ടിൽ റബ്ബർ എസ്റ്റേററ് യൂണിയൻെറ സെക്രട്ടറി എന്ന നിലയിൽ പ്രവർത്തിച്ചുവരികയായിരുന്ന ഞാൻ പ്രസ്തുത സ്ഥാനവും യൂണിയനുമായുള്ള സകലവിധ ബന്ധങ്ങളും വിച്ഛേദിച്ചതായി ഇതിനാൽ അറിയിച്ചുകൊള്ളുന്നു. എസ്റ്റേററിലെ തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു ഈ യൂണിയൻവഴിയുള്ള പ്രവർത്തനങ്ങൾക്ക് കഴിയുകയില്ലെന്നു് എനിക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നു. എസ്റ്റേററ് തൊഴിലാളികളുടെ ക്ഷേമത്തേക്കാളുപരി അവിടത്തെ മാനേജ്മെൻറിൻെറയും അവരെ ചുററിപ്പററിനിൽക്കുന്ന തല്പരകക്ഷികളുടേയും താല്പര്യങ്ങൾ സംരക്ഷിക്കുകയാണ് ഈ യൂണിയൻെറ രൂപീകരണത്തിനു് പിന്നിലുള്ള ഉദ്ദേശമെന്നു് അനുഭവത്തിലൂടെ എനിക്ക് വ്യക്തമായിരിക്കുന്നു. വ്യക്തിവൈരാഗ്യത്തിൻെറയും ഗ്രൂപ്പുതാല്പര്യങ്ങളുടെയും പേരിൽ തൊഴിലാളി താല്പര്യങ്ങളെ ബലികഴിക്കുന്ന സംരംഭങ്ങളോടു് ഒത്തു നിൽക്കുവാൻ എൻെറ മന:സാക്ഷി അനുവദിക്കാത്തതിനാലാണ് ഞാൻ ഈ യൂണിയനുമായുള്ള ബന്ധം വിച്ഛേദിക്കുന്നതെന്നു് ഒരിക്കൽക്കൂടി വ്യക്തമാക്കട്ടെ.

—

കേരള നിയമസഭ സംഘടിപ്പിച്ചുകൊണ്ടു ഇല: കമ്മീഷൻെറ വിജ്ഞാപനം

(സ്വലേ) തിരു: മാ. 18

കേരളനിയമസഭാസംഘടിപ്പിച്ചുകൊണ്ട് കേന്ദ്ര ഇലക്ഷൻ കമ്മീഷൻ വിജ്ഞാപനം ചെയ്തിരിക്കുന്നു. നിയമസഭസംഘടിപ്പിച്ചുകൊണ്ടുള്ള കമ്മീഷൻെറ വിജ്ഞാപനം സംസ്ഥാനഗവമ്മെൻറ് ഇന്നു് അസാധാരണഗസററ് പ്രഖ്യാപിച്ചിട്ടുണ്ട്. സംഘടിപ്പിച്ചിട്ടുള്ള നിയമസഭയിൽ 133 അംഗങ്ങളാണുള്ളതു്. ഈ വിജ്ഞാപനത്തോടുകൂടി ഇലക്ഷൻ വകുപ്പിൻെറ എല്ലാ ജോലികളും പൂർത്തിയായിരിക്കുകയാണ്. ഓരോ നിയോജകമണ്ഡലത്തിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള മെമ്പറന്മാരുടെ പേരുവിവരം താഴെ ചേർക്കുന്നു.

മഞ്ചേശ്വരം—മഹാബലഭണ്ഡാരി, കാസർകോട്—ഇഇ. അബ്ദുൾഖാദർ, ഹോസ്ദുർഗ്ഗ്—എൻ. കെ. ബാലകൃഷ്ണൻ, നീലേശ്വരം—വി. വി. കുഞ്ഞമ്പു, എടക്കാട്—സി. കണ്ണൻ, കണ്ണൂർ, കെ. എം. അബൂബക്കർ, മാടായി—കെ. പി. ആർ. ഗോപാലൻ, പയ്യന്നൂർ—എ. വി. കുഞ്ഞമ്പു, തളിപ്പറമ്പ്—കെ. പി. രാഘവപ്പൊതുവാൾ, ഇരിക്കൂർ—ഇ. പി. കൃഷ്ണൻനമ്പ്യാർ, കുത്തുപറമ്പ്—കെ. കെ. അബു, തലശ്ശേരി—പി. ഗോപാലൻ, പെരിങ്ങളം—പി. രാമുണ്ണിക്കുറുപ്പ്, നോർത്തുവയനാട്—കെ. കെ. അണ്ണൻ, വടകര—എം. കൃഷ്ണൻ.

നാദാപുരം—സി. എച്ച്. കണാരൻ, മേപ്പയ്യൂർ—എം. കെ. കേളു, കൊയിലാണ്ടി—കെ. ബി. മേനോൻ, പേരാമ്പ്ര—വി. വി. ദക്ഷിണാമൂർത്തി വാര്യർ, ബാലുശ്ശേരി—എ. കെ. അപ്പു, കുന്ദമംഗലം—വി. കുട്ടികൃഷ്ണൻനായർ, കൽപ്പററ—ബി. വില്ലിംഗ്ടൺ, സൗത്തുവയനാട്—എം. രാമുണ്ണി, കോഴിക്കോട് 1—പി. സി. രാഘവൻനായർ, കോഴിക്കോട് 2—പി. എം. അബൂബേക്കർ, ബേപ്പൂർ—കെ. ചാത്തുണ്ണി, തിരൂരങ്ങാടി—കെ. അവുക്കാദർ കുട്ടിനഹ, താനൂർ—സി. മഹമ്മദ്കുട്ടി, തിരൂർ—കെ. മൊയ്തീൻകുട്ടിഹാജി, കുററിപ്പുറം—മൊഹസിൻബിൻ അഹമ്മദ്, കൊണ്ടോട്ടി—എം. മൊയ്തീൻകുട്ടിഹാജി, മലപ്പുറം എം. പി. എം. അഹമ്മദ്കുരിക്കൾ, മഞ്ചേരി—യു. ഉത്തമൻ, നിലമ്പൂർ—കെ. കുഞ്ഞാലി, പൊന്നാനി—കെ. ജി. കരുണാകരമേനോൻ, തൃത്താല—ഇ. ടി. കുഞ്ഞൻ, പട്ടാമ്പി—ഇ. എം. എസ്, ഒററപ്പാലം—പി. പി. കൃഷ്ണൻ, ശ്രീകൃഷ്ണപുരം—സി. ഗോവിന്ദപ്പണിക്കർ, മങ്കട—പി. മഹമ്മദ്കുട്ടി, പെരിന്തൽമണ്ണ—സി. കോയ, മണ്ണാർക്കാട്—പി എ. ശങ്കരൻ, പാലക്കാട്—എം. വി. വാസു, മലമ്പുഴ—എം. വി. കുഞ്ഞരാമൻ, ചിററൂർ—കെ. എ. ശിവരാമഭാരതി, കൊല്ലങ്കോട്—സി. വാസുദേവമേനോൻ, ആലത്തൂർ—ആർ. കൃഷ്ണൻ, കുഴൽമന്ദം—ഓ. കോരൻ, ചേലക്കര—കെ. കെ. ബാലകൃഷ്ണൻ, വടക്കാഞ്ചേരി—എൻ. കെ. ശേഷൻ, കുന്നംകുളം—ടി. കെ. കൃഷ്ണൻ, മണലൂർ—ഐ. എം. വേലായുധൻ, തൃശ്ശൂർ—ടി. പി. സീതാരാമൻ, ഒല്ലൂർ—എ. വി. ആര്യൻ, ഇരിങ്ങാലക്കുട—കെ. ടി. അച്യുതൻ, കൊടകര—പി. എസ്. നമ്പൂതിരി, ചാലക്കുടി—പി. പി. ജോർജ്ജ്, മാള—കെ. കരുണാകരൻ, ഗുരുവായൂർ—പി. കെ. അബ്ദുൾമജീദ്, നാട്ടിക—രാമകാര്യാട്ട്, കൊടുങ്ങല്ലൂർ കെ. ടി. എം. മേത്തർ, അങ്കമാലി—ജോൺ പത്താമൻ, വടക്കേക്കര—അബ്ദുൾജലീൽ, പറവൂർ—കെ. ററി. ജോർജ്ജ് ഞാറയ്ക്കൽ—കെ. സി. എബ്രഹാം, മട്ടാഞ്ചേരി—എം. പി. മഹമ്മദ് ജാഫർഖാൻ, പള്ളുരുത്തി—പി. ഗംഗാധരൻ, തൃപ്പൂണിത്തുറ—ടി. കെ. രാമകൃഷ്ണൻ, എറണാകുളം—അലക്സാണ്ടർ പറമ്പിത്തറ, ആലുവ—വി. പി. മരയ്ക്കാർ, പെരുമ്പാവൂർ—പി. ഗോവിന്ദപ്പിള്ള, കുന്നത്തുനാട്—കെ. കെ. മാധവൻ, കോതമംഗലം—കെ. എം. ജോർജ്ജ്, മൂവാററുപുഴ—എ. ററി. പത്രോസ്, തൊടുപുഴ—സി. എ. മാത്യു, കരിമണ്ണൂർ—ചാക്കോ കര്യാക്കോസ്, ദേവികുളം—ജി. വരദൻ, മുട്ടമ്പലം—ചോല—കെ. ടി. ജേക്കബ്, പീരുമേട്—കെ. ഐ. രാജൻ, കാഞ്ഞിരപ്പള്ളി—കര്യൻ വക്കീൽ, വാഴൂർ കെ. നാരായണക്കുറുപ്പ്, ചങ്ങനാശ്ശേരി—കെ. ജെ. ചാക്കോ, പുതുപ്പള്ളി—ഇ. എം. ജോർജ്ജ്, കോട്ടയം—എം. കെ. ജോർജ്ജ്, ഏററുമാനൂർ—എം. എം. ജോസഫ്, അകലക്കുന്നം—ജെ. എ. ചാക്കോ, പൂഞ്ഞാർ—പി. ഡി. തൊമ്മൻ, പാലാ—കെ. എം. മാണി, കടുത്തുരുത്തി—ജോസഫ് ചാഴികാട്, വൈക്കം—പി. പരമേശ്വരൻ, അരൂർ—കെ. ആർ. ഗൗരി, ചേർത്തല—സി. വി. ജേക്കബ്, മാരാരിക്കുളം—സുശീലാഗോപാലൻ, ആലപ്പുഴ—ജി. ചിദംബരഅയ്യർ, അമ്പലപ്പുഴ—കെ. എസ്. കൃഷ്ണക്കുറുപ്പ്, കുട്ടനാട്—തോമസ് ജോൺ, ഹരിപ്പാട്—കെ. പി. രാമകൃഷ്ണൻനായർ, കായംകുളം—സുകുമാരൻ, തിരുവല്ലാ—ഇ. ജെ. ജേക്കബ്, കല്ലൂപ്പാറ—ഡോ: ജോർജ്ജുതോമസ്, ആറൻമുള—എൻ. ഭാസ്കരൻനായർ, ചെങ്ങന്നൂർ കെ. ആർ. സരസ്വതിയമ്മ, മാവേലിക്കര—കെ. കെ. ചെല്ലപ്പൻപിള്ള, പന്തളം—പി. കെ. കുഞ്ഞച്ചൻ, റാന്നി—ഇ. എം. തോമസ്, പത്തനംതിട്ട—വി. ഐ. ഇടിക്കുള, കോന്നി—പി. ജെ. തോമസ്, പത്തനാപുരം—പി. സി. ആദിച്ചൻ, പുനലൂർ—സി. എം. സ്റ്റീഫൻ, ചടയമംഗലം—ഡി. ദാമോദരൻപോററി, കൊട്ടാരക്കര—ആർ. ബാലകൃഷ്ണപിള്ള, കുന്നത്തൂർ—ടി. കൃഷ്ണൻ അടൂർ കെ കെ ഗോപാലൻനായർ, കൃഷ്ണപുരം എം കെ ഹേമചന്ദ്രൻ, കരുനാഗപ്പള്ളി കുഞ്ഞുകൃഷ്ണൻ, കൊല്ലം—ഹെൻറി ആസ്റ്റിൻ.

കുണ്ടറ—ശങ്കരനാരായണപിള്ള, ഇരവിപുരം എ എ റഹിം, ചാത്തന്നൂർ തങ്കപ്പൻപിള്ള, വർക്കല മിഥ്‌ലാജ്ഹമീദ്, ആററിങ്ങൽ കെ അനിരുദ്ധൻ, കിളിമാനൂർ സി കെ ബാലകൃഷ്ണൻ, വാമനപുരം, എം കുഞ്ഞുകൃഷ്ണപിള്ള, ആര്യനാട് വി ശങ്കരൻ, നെടുമങ്ങാട് എസ് വരദ...

പാവപ്പെട്ടവർക്ക് വീടുകെട്ടാൻ കൊടുക്കുന്ന പണം മന്ത്രിമക്കൾ അമുക്കി

ആന്ധ്ര കേരളത്തോടു് മത്സരിക്കുന്നു

ഹൈദരാബാദ്, മാർച്ച് 18

താഴ്ന്ന വരുമാനക്കാർക്ക് വീടുകൾ അനുവദിക്കുന്നതിനു് ആന്ധ്ര ഗവണ്മെൻറ് നടപ്പാക്കിയ പദ്ധതി അവിടുത്തെ കോൺഗ്രസ്സ് പ്രമാണിമാർക്ക് പൊതുമുതൽ കൈവശപ്പെടുത്താനുള്ള ഒരു പദ്ധതിയായി പരിണമിച്ച വിവരം പുറത്തായിരിക്കുന്നു.

പദ്ധതിയനുസരിച്ചു് വീടുകൾ അലോട്ടുചെയ്യുവാൻ ഒരു ഹൗസിംഗ് ബോർഡു് നിലവിൽ വന്നു. ഹൗസിംഗ് ബോർഡിൻെറ പ്രവർത്തനരീതിയെപ്പററിയും, വീടുകൾ അലോട്ടുചെയ്തതിനെപ്പററിയും നിരവധി ആക്ഷേപങ്ങൾ പത്രപംക്തികളിൽ സ്ഥലം പിടിച്ചിരുന്നു.

എന്നാൽ ഹൗസിംഗ് ബോർഡു് ഈ ആരോപണങ്ങളുടെ മുമ്പിലെല്ലാം മിണ്ടാതെ പാലിക്കുകയാണ് ചെയ്തതു്. അസംബ്ലിയിലെ പ്രതിപക്ഷ പാർട്ടി എം. എൽ. എ. മാർ ഈ ആരോപണങ്ങളെ സംബന്ധിച്ചു് ഹൗസിംഗ് ബോർഡിനു് എഴുതി. അവർ മറുപടി പറയുന്ന കാര്യത്തിൽ മൌനം ഭജിച്ചു. തുടർന്ന് ആക്ഷേപങ്ങൾ എത്തി. അവസാനം 1964 മേയ് 29-ാംനു-കൂടിയ ഹൗസിംഗ് ബോർഡു് താഴെ പറയുന്ന ആൾക്കാർക്കാണ് "സഞ്ജീവറെഡ്ഡി നഗരി"യിലുള്ള വീടുകൾ അലോട്ടുചെയ്തതെന്നു് സമ്മതിച്ചു.

1. എൻ. നാഗരത്നമ്മ (മുഖ്യമന്ത്രി സഞ്ജീവറെഡ്ഡിയുടെ മരുമകൾ)
2. കെ. രാഘവമ്മ (ആന്ധ്രാ മുഖ്യമന്ത്രി ശ്രീ ബ്രഹ്മാനന്ദറെഡ്ഡിയുടെ മരുമകൾ)
3. ശ്രീ ഡി. എൽ. എൻ. പ്രസാദ് (ഹൗസിംഗ് മന്ത്രി, ശ്രീ. വെങ്കിടരാമയ്യ)
4. ശ്രീമതി സന്ധ്യാറാണി (ഒരു സിനിമാനടൻെറ മകൾ)
5. ശ്രീ ജലകം വെങ്കലറാവു (പ്രമുഖ കോൺഗ്രസ്സ് നേതാവ്)
6. സീലം സിദ്ധറെഡ്ഡി (ആന്ധ്ര പ്രദേശ് കോൺഗ്രസ്സ് കമ്മിററി സെക്രട്ടറി)

ഇവർക്ക് വീടുകൾ അനുവദിച്ചതു് ഏതെങ്കിലും ഒരു നോട്ടിഫിക്കേഷൻ നൽകി അപേക്ഷകൾ ക്ഷണിച്ചതിനു ശേഷമായിരുന്നില്ല. വീടുകൾ ലഭിച്ചിട്ടുള്ളവരിൽ ആരുംതന്നെ താഴ്ന്ന വരുമാനക്കാരോ ഇടത്തരക്കാരോ അല്ലെന്നു് ഏവർക്കും അറിയാവുന്ന വസ്തുതയാണ്.

എല്ലാററിലും ആക്ഷേപകരമായിട്ടുള്ളതു്, 25,000 കയുടെ പരിധിയാണ്. ഇത്തരം വീടുകൾ അനുവദിക്കുന്നതിനു് നിശ്ചയിച്ചിട്ടുള്ളതെന്നതാണ്. (സ്ഥലത്തിൻെറ വിലയും, വീട് നിർമ്മിക്കുന്നതിനുള്ള ചിലവുംകൂടി ഈ പരിധിയിൽ ഉൾപ്പെട്ടിരിക്കണം)

എല്ലാ വ്യവസ്ഥകളേയും ലംഘിച്ചുകൊണ്ട് ആന്ധ്രയിലെ കോൺഗ്രസ്സ് മേധാവികൾ പൊതുമുതൽ അപഹരിക്കുന്നതിൻെറ ഏററവും ലജ്ജാകരമായ മാതൃകയാണിതു്. സദാചാരസമിതിയും, ഗുൽസാരിലാൽ നന്ദയും എന്തു പറയുന്നു എന്നാണ് ആളുകൾ ചോദിക്കുന്നതു്.

മലയാളം സംസാരിക്കുന്നവർ ഒരു കോടി 71 ലക്ഷം

ഹൈദരാബാദ് മാ. 18

മലയാളഭാഷ സംസാരിക്കുന്നവരുടെ സംഖ്യ സെൻസസ് കമ്മീഷണരുടെ ഒരു റിപ്പോർട്ടനുസരിച്ച് ഒരു കോടി എഴുപത്തിയൊന്നുലക്ഷമത്രെ.

ഇന്ത്യയിൽ ഏററവുംകൂടുതൽ ആളുകൾ ഹിന്ദിസംസാരിക്കുന്നതായി ഇതിൽ ചൂണ്ടിക്കാണിക്കുന്നു. ഇവരുടെ എണ്ണം 13 കോടിയിൽ അധികം ആണ്. ഇന്ത്യയിലെ സംസാരഭാഷയിൽ തെലുങ്കു മൂന്നാംസ്ഥാനമാണ്.

(കേരളപ്രസ്സ്)



Distributor Kerala State,
M/s Dadbhoy ...
Mattancherry.

GII 2431/65/Tcr

ലേലപരസ്യം

1	ലേലത്തിനുള്ള സാധനങ്ങൾ	1964 നവമ്പർ, ഡിസംബർ മാസങ്ങളിൽ ഡിപ്പാർട്ടുമെൻറുവക ബസ്സുകളിൽനിന്നും ഉടമസ്ഥരില്ലാതെ കിട്ടിയിട്ടുള്ള സാധനങ്ങൾ
2	ലേലസ്ഥലം	22-3-65 മൂന്നുമണിക്ക് തൃശ്ശൂർ ഡിസ്ട്രിക്ട് ട്രാൻസ്പോർട്ട് ആഫീസ് പരിസരത്തുവെച്ചു.
3	നിരതദ്രവ്യം	ഒരു രൂപാമാത്രം

തൃശ്ശൂർ, 16-3-65

ഡിസ്ട്രിക്ട് ട്രാൻസ്പോർട്ട് ആഫീസർ

ടെണ്ടർ പരസ്യം

മണ്ണുത്തി കാർഷിക ഗവേഷണകേന്ദ്രത്തിൽനിന്നും പരസ്യപ്പെടുത്തുന്നതു്.

ടി കേന്ദ്രം കന്നുകാലികൾക്ക് മാസംതോറും ആവശ്യം വരുന്ന 338 കിലോഗ്രാം പരുത്തിക്കുരുവും, 338 കിലോഗ്രാം അരിതവിടും 450 കിലോഗ്രാം നിലക്കടലപിണ്ണാക്കും, 14 കിലോഗ്രാം മീനാൽ ചിപ്പം 14 കിലോഗ്രാം കറിയുപ്പും 1965 ഏപ്രിൽമാസം 1-ാംനു- മുതൽ 1966 മാർച്ച് മാസം 31-ാം തീയതി ഉൾപ്പെടെ പന്ത്രണ്ടു മാസക്കാലങ്ങളിലേക്ക് കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന നിർദ്ദേശാനുസരണം കേന്ദ്രം സ്റ്റോറിൽ എത്തിച്ചുതരുവാൻ തയ്യാറുള്ളവരിൽനിന്നും ആയതിനുള്ള ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെണ്ടറുകളിൽ പതിനഞ്ചുപൈസയുടെ കോർട്ടുഫീ സ്റ്റാമ്പൊട്ടിച്ചിരിക്കണം. 100ക-യുടെ ബാങ്ക്ഡ്രാഫ്റ്റോ അല്ലാത്തപക്ഷം ആ സംഖ്യയുടെ ഗവൺമെൻറ് ഡെപ്പോസിററായി അടച്ച ചെലാനോ ടെണ്ടർ സഹിതം വെച്ചിരിക്കേണ്ടതും ടെണ്ടർ 1965 മാർച്ച്മാസം 26-ാംനു- വെള്ളിയാഴ്ച പകൽ 3 മണിക്ക് മുമ്പായി കേന്ദ്രം സൂപ്രണ്ട് അവർകൾക്ക് ലഭിച്ചിരിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾ ഹാഫീസിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

ഫാറത്തിലെ കന്നുകാലികളുടെ എണ്ണത്തിലുണ്ടാവുന്ന ഏററക്കുറച്ചിലനുസരിച്ചു് തീററിസാധനങ്ങളുടെ തൂക്കവും വ്യത്യാസപ്പെടുന്നതായിരിക്കും.

മണ്ണുത്തി, 20-2-65

എം. ജെ. കരുവിള, സൂപ്രണ്ട്.

ജയ്ഹിന്ദ്മാർക്കററ് പുതിയമുറികൾ വാടകയ്ക്ക്

തൃശ്ശിവപേരൂർ മുൻസിപ്പാലിററി വക

ടെണ്ടർ പരസ്യം

....

തൃശ്ശിവപേരൂർ മുൻസിപ്പൽ കൌൺസിൽ വക ജയ്ഹിന്ദ് മാർക്കററിൽ ബസ്സ്സ്റ്റാണ്ടിൻെറ മുൻവശത്തു് പുതുതായി പണിതീർത്തുവരുന്ന കെട്ടിടത്തിൻെറ താഴത്തെ നിലയിലെ, മുൻസിപ്പൽ ആഫീസ്സ് റോഡിലേക്കും പോസ്റ്റ് ആഫീസ്സ് റോഡിലേക്കും മുഖമായി പണിതിട്ടുള്ള എട്ടു മുറികളിൽ ആദ്യത്തെ ഒന്നും, രണ്ടും, മുറികൾ ഒഴികെ ബാക്കി ആറു മുറികൾ, കച്ചവടാവശ്യത്തിലേക്ക് 1-4-65 മുതൽ 31-3-68 വരെയുള്ള മൂന്നുകൊല്ലകാലത്തേക്ക് വാടകക്കെടുക്കുവാൻ ഉദ്ദേശമുള്ളവരിൽ നിന്നും, ഇവിടെനിന്നും 19-2-65-ലെ ടെണ്ടർ പരസ്യത്തിലെ എല്ലാ നിശ്ചയങ്ങൾക്കും, നിബന്ധനകൾക്കും വിധേയമായി വീണ്ടും ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

മുദ്രവെച്ച ടെണ്ടറുകൾ അനാമത്തു് സംഖ്യ അടച്ചതിൻെറ രശീതി യോടുകൂടി 1965 മാർച്ച് 23-ാംനു- ചൊവ്വാഴ്ച 4 മണിക്ക് മുൻപായി മുൻസിപ്പൽ കമ്മീഷണർക്ക് കിട്ടിയിരിക്കേണ്ടതാണ്. മുൻ പരസ്യമനുസരിച്ചു് അനാമത്തു് സംഖ്യ അടച്ചവരും, ടെണ്ടർ വീണ്ടും വേറെ അനാമത്തു് സംഖ്യ അടക്കേണ്ടതില്ല.

കൂടുതൽ വിവരങ്ങൾ മുൻസിപ്പൽ ആഫീസ്സിൽ പ്രവൃത്തിസമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

മുൻസിപ്പൽ ആഫീസ്സ്, തൃശ്ശൂർ, 17-3-1965

എ. വി. ദേവസ്സി കമ്മീഷണർ.

കല്ലേറുകേസ്

തങ്കമ്മസ്റ്റീഫനു് വാറണ്ടു്

കൊല്ലം, മാ. 18

ഭക്ഷ്യപ്രക്ഷോഭണം സംബന്ധിച്ചു് ശ്രീ സി. എം. സ്റ്റീഫൻെറ വസതിക്കു സമീപംവച്ചു് പോലീസുകാരെ കല്ലെറിഞ്ഞു് പരിക്കേല്പിക്കുകയും പോലീസുവാനിനു കേടുവരുത്തുകയും ചെയ്തു എന്നും മററും ആരോപിച്ചു് വിദ്യാർത്ഥികളുൾപ്പെടെ 22 പേരുടെ മേൽ സ്ഥലം ഡിസ്ട്രിക്ട്മജിസ്ട്രേട്ട് കോർട്ടുമുമ്പാകെ 1965-ൽ സി. സി. രണ്ടാംനമ്പരായി ചാർജ്ജ്ചെയ്യപ്പെട്ട കേസ് ഇന്നു വിചാരണക്കെടുക്കുകയും വെസ്റ്റ്പോലീസ് സബ് ഇൻസ്പെക്ടറുൾപ്പെടെ പ്രോസിക്യൂഷൻഭാഗത്തേക്ക് രണ്ടു സാക്ഷികളെ വിസ്തരിക്കുകയുമുണ്ടായി.

സമൻസ് കൈപ്പററിയശേഷം കോടതിയിൽ ഹാജരാവാതെയിരുന്ന ശ്രീമതി തങ്കമ്മസ്റ്റീഫനുൾപ്പെടെയുള്ള സാക്ഷികൾക്ക് വാറണ്ട് അയയ്ക്കുന്നതിനു് കോടതി ഉത്തരവുചെയ്തശേഷം കേസ് മാർച്ച് 31-ാം തീയതിക്ക് മാററിയിരിക്കുന്നു.

—

ഭാരത് ഇലക്ട്രോണിക്സ് 6.20 കോടികയുടെ വസ്തുക്കൾ ഉല്പാദിപ്പിച്ചു

ന്യൂഡൽഹി മാ. 81

സായുധസേനകളുടെ മാറാവകപ്പുകളുടെയും ഉപയോഗത്തിൽ ബാംഗ്ലൂരെ ഭാരത് ഇലക്ട്രോണിക്സ് ലിമിററഡ് പുതിയ അനേകം ഇലക്ട്രോണിക് ഉപകരണങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ആർമി മെഡിക്കൽ കോറിൻെറ ആവശ്യത്തിനുള്ള ട്രാൻസിസ്റ്റർ ഇലക്ട്രോ കാർഡിയോഗ്രാം ഇതിലുൾപ്പെടുന്നു. ചെറിയ ട്രാൻസിസ്റ്റർ മുതൽ സങ്കീർണ്ണമായ റഡാർവരെ വിവിധതരത്തിൽപ്പെട്ട 70 ഇലക്ട്രോണിക് സാമഗ്രികളാണ് ഇപ്പോൾ ഇവിടെ നിർമ്മിക്കുന്നതു്.

1956 ൽ ഉല്പാദനം ആരംഭിക്കുമ്പോൾ ഭാരത് ഇലക്ട്രോണിക്സ് രണ്ടുതരം ഇലക്ട്രോണിക് വസ്തുക്കൾ നിർമ്മിച്ചിരുന്നുള്ളു. ഉല്പാദനമൂല്യം 1956 57 ൽ 5 97 ലക്ഷം ക. ആയിരുന്നതു് 1963 64 ൽ 6.20 കോടി ക. ആയി വർദ്ധിക്കുകയുണ്ടായി.

....



ഇന്തോനേഷ്യ ആക്രമണം നിർത്താതെ സമാധാനമുണ്ടാവില്ല

മലയേഷ്യൻ ഡെപ്യൂട്ടി പ്രധാനമന്ത്രി ഡൽഹിയിൽ

(പി ടി ഐ) ന്യൂഡൽഹി മാ 19

മലയേഷ്യയുടെ നേരെയുള്ള ആക്രമണം ഇന്തോനേഷ്യ അവസാനിപ്പിക്കുന്നില്ലെങ്കിൽ സമാധാനത്തെ സംബന്ധിച്ച് ചൂടുള്ളിയ ആശയേ ഉള്ളുവെന്ന് ഇന്നലെ രാത്രി ഇവിടെ എത്തിയ മലയേഷ്യൻ ഡെപ്യൂട്ടി പ്രധാനമന്ത്രി ടുൻഅബ്ദുൾറാസ്സാക്ക് വിമാനത്താവളത്തിൽ വെച്ച് പത്രക്കാരോട് പറഞ്ഞു.

രാഷ്ട്രങ്ങൾ തമ്മിൽ ഏതെന്നാക്കെ അഭിപ്രായവ്യത്യാസങ്ങളുണ്ടായാലും ഒരു രാഷ്ട്രത്തിനും മറ്റൊരു രാഷ്ട്രത്തിലേക്ക് പട്ടാളത്തെ അയക്കുന്നതിനും യാതൊരു അവകാശവുമില്ല.

ഈ നടപടി അന്താരാഷ്ട്രീയചട്ടങ്ങൾക്ക് വിരുദ്ധമാണ്; ഐക്യരാഷ്ട്രപ്രമാണങ്ങൾക്കും, ബന്ദുങ്തത്വങ്ങൾക്കും എതിരാണ്. ഒരു രാഷ്ട്രത്തിനും ആക്രമണത്തെ പൊറുപ്പിക്കുവാൻ സാധ്യമല്ല.

മുന്നേടിവസത്തെ ഔദ്യോഗികസമ്മേളനത്തിനായി എത്തിയ അബ്ദുൾറാസാക്കിനെ വിദേശകാര്യമന്ത്രി സ്വരൺസിങ്ങ് സ്വീകരിച്ചു.

തങ്കം ഒരു ഭീതരം ചെയ്യിട്ടില്ലെന്ന റസ്സാക്ക് പറഞ്ഞു. മലയേഷ്യ ഇന്തോനേഷ്യയിലേക്ക് സായുധസേനകളെ അയച്ചിട്ടില്ല എന്നാൽ ഇന്തോനേഷ്യ ബോണ്ണിയോയിലേക്ക് മാത്രമല്ല, മലയിലേക്കും ഒരുസൈന്യത്തെ അയച്ചുകൊണ്ടിരിക്കുന്നു. അതുക്കൂടിക്കഴിഞ്ഞാൽ ഏഷ്യയിൽ ആകെകൂടിയുള്ള കഴപ്പം ഇന്തോനേഷ്യൻ ആക്രമണമാണ്. അതവസാനിക്കുന്നില്ലെങ്കിൽ സമാധാനമുണ്ടാകില്ല. പ്രസിഡണ്ട് സുക്കാർണ്ണോ സമാധാനം ഇഷ്ടപ്പെടുന്നവരെങ്കിൽ ഒന്നോ, രണ്ടോ ദിവസത്തിനകം തീരാവുന്ന സുപ്രധാനമായുള്ളവനും റസാക്ക് പറഞ്ഞു.

ഗ്രൂപ്പ് സർവീസ് എൻട്രി നൽകി

തൃശ്ശൂർ മാ. 9

ജില്ല കലക്ടറേറ്റിലെ ശിരസ്തദാർ, ശ്രീ. പി. കെ. ബാലകൃഷ്ണൻനായർ, ക്യാമ്പ് ക്ലർക്ക് ശ്രീ. ഐ. എൻ. പരമേശ്വരൻ ക്ലാർക്കുമാരായ ശ്രീ. പി. ആർ കൃഷ്ണക്കുറുപ്പ്, ശ്രീ. വി. എ. ശ്രീധരൻ, എച്ച് മോഠിൽഡാ ഫെർണാന്റസ്സ് ശ്രീ. പി എൻ. പാറൻകുട്ടി എന്നിവർക്ക് കഴിഞ്ഞവർഷത്തെ അവരുടെ പ്രശസ്തമായ സേവനത്തെ പരിഗണിച്ചുകൊണ്ട് ജില്ലാ കലക്ടർ ഗ്രൂപ്പ് സർവ്വീസ് എൻട്രി നൽകിയിരിക്കുന്നു.

—

മാതൃകാ അദ്ധ്യാപകർ

(സ്വ. ലേ) തൊടുപുഴ മാ. 18

കളപ്പായ പാൽപ്പുരയിൽ കുടുത്തിരിക്കുന്നുപോയതിനു ചാത്തനൂർ എൽ. പി. സ്കൂളിലെ രണ്ടു അദ്ധ്യാപകരെ സസ്പെൻഡുചെയ്തു മേൽനടപടി നടത്തിവരുന്നതായറിയുന്നു. പോലീസ് സ്റ്റേഷനിൽ സമീപം കൂടി രാത്രി സമയം പാൽപ്പുരയിൽ കുടുത്തിക്കൊണ്ടുപോയപ്പോഴാണ് പോലീസ് കണ്ടുപിടിച്ചതെന്നും അറിയുന്നു.

—

താനൂർ വെടിവെപ്പിൽ പരിക്കേറ്റ ഒരാൾ മരിച്ചു

പി ടി ഐ കോഴിക്കോട്, മാ 19

താനൂർ വെടിവെപ്പിൽ പരിക്കേറ്റ ഇവിടത്തെ മെഡിക്കൽ കോളേജ് ആസ്പത്രിയിൽ ചികിത്സയിലായിരുന്ന സുബ്രഹ്മണ്യം ഇന്ന് രാവിലെ മരിച്ചു

ഒന്നാംതരത്തിലെത്താൻ യുവാക്കൾക്ക് പരിശീലനം

ലണ്ടൻ, മാ. 19

ഏതു തലമുറയിലുമുണ്ടായിരുന്നതുപോലെ ചുരുക്കംപേർ മാത്രമേ ഒന്നാംതരത്തിലെത്തുന്നുള്ളൂ അങ്ങനെയുള്ള വരുടെ ജീവിതവൃത്തി എപ്പോഴത്തെയും പോലെയായിരുന്നാലും ഈ നില തരണം ചെയ്യുവാൻ അൽപ്പംകൂടി പരിശീലനമാവശ്യമാണ്. മുൻകാലങ്ങളിൽ ഈ നിയമത്തിനുപയോഗം പറ്റുന്നതരത്തിലുള്ള രോഹണമായിരുന്നു കാരണം ഏറ്റവും ഉയർന്ന കോടതിയിലെ ഏറ്റവും ഉയർന്ന കോടതിയിലെ ഏറ്റവും മുതിർന്ന ജഡ്ജിമാർ ഈ രംഗത്തുനേരിയ പുരോഗതിയെ അഭിസ്ഥാനമാക്കിയാണ്. ജപ്പാൻ ഒറ്റയിൽവേ വിദഗ്ധന്മാർക്ക് മണിക്കൂറിൽ 100 മൈൽ വേഗത്തിൽ സഞ്ചരിക്കുവാൻ കഴിവുള്ള ട്രെയിനുകൾ നിർമ്മിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

അമേരിക്കൻ വിദഗ്ധന്മാരുടെ പരിശീലനത്തോടെ വിജയിക്കുന്നതോടുകൂടി ഒരു മണിക്കൂർകൊണ്ട് ഡെൽഫിയിൽനിന്നും ബോംബെയിലേയ്ക്കും രണ്ടു മണിക്കൂർകൊണ്ട് ന്യൂഡൽഹിയിൽനിന്നും മദ്രാസിലേയ്ക്കും യാത്രചെയ്യാൻ സാധിക്കുന്നതാണ്. (കേരളപ്രസ്സ്)

പ്രബന്ധ-പ്രസംഗ മത്സരങ്ങൾ

ചേപ്പ്, മാ 19

ചേപ്പ് ബ്ലോക്കുതിത്തിയിലുള്ളഹൈസ്കൂളുകളിലേയും അപ്പർ പ്രൈമറിസ്കൂളുകളിലേയും വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തപ്പെട്ട പ്രബന്ധ-പ്രസംഗമത്സരങ്ങളിൽ വിജയികളായവർക്ക് മാർച്ച് 21-ംതിയതി ഞായറാഴ്ച രാവിലെ പന്ത്രണ്ടുമണിക്ക് ചേപ്പ് ബോയിസ് സ്കൂളിൽ ചേരുന്ന പൊതുയോഗത്തിൽവച്ച് സമ്മാനങ്ങൾ നൽകപ്പെടുന്നതാണ്. ഹൈസ്കൂൾ വിഭാഗത്തിനു നടത്തപ്പെട്ട പ്രബന്ധമത്സരത്തിൽ ശ്രീവേണികുമാരി (സെന്റ് മേരീസ് കോൺവെന്റ് ഹൈസ്കൂൾ ഒല്ലൂർ) ഒന്നാംസമ്മാനവും, എം ജി സുഭദ്ര (ശ്രീനാരായണഹൈസ്കൂൾ, കണിമംഗലം) രണ്ടാംസമ്മാനവും നേടി. അപ്പർപ്രൈമറി വിഭാഗത്തിൽനിന്ന് പ്രബന്ധമത്സരത്തിൽ ആനി ജോസഫ് കാട്ടുക്കാരൻ (ഡി ജി യു പി എസ് ഒല്ലൂർ) ഒന്നാംസമ്മാനത്തിനും കെ ലീല (യു പി എസ് പെരിഞ്ഞേരി) രണ്ടാംസമ്മാനത്തിനും അർഹരായി. ഹൈസ്കൂൾവിഭാഗത്തിൽനിന്ന പ്രസംഗമത്സരത്തിൽ കുമാരി എം എൻ ജോസഫ് (സെൻറ് മേരീസ് കോൺവെന്റ് ഹൈസ്കൂൾ, ഒല്ലൂർ) ആർ രാജശേഖരൻ (സെൻറ് ജോൺബിസ് ഹൈസ്കൂൾ അമ്മാടം) എന്നിവർ യഥാക്രമം ഒന്നും രണ്ടും സമ്മാനങ്ങൾക്ക് അർഹരായി. അപ്പർപ്രൈമറി വിഭാഗത്തിൽനിന്ന പ്രസംഗമത്സരത്തിൽ കെ രാജനാരായണൻ, (സെൻറ് സേവ്യേഴ്സ് യു പി എസ് ചെമ്പുക്കാവ്) ഒന്നാംസമ്മാനവും, കുമാരി പി ആർ ആനിക്ക് (സെൻറ് റാഫേൽസ് യു പി എസ് ഒല്ലൂർ) രണ്ടാം സമ്മാനവും ലഭിച്ചു.

ഇന്ത്യൻ ഭരണഘടനയെന്നതു പുറംവാതിലിലൂടെയുള്ള കോൺഗ്രസ്സ് ഭരണമാണ്

തടങ്കലിലുള്ളവരെ വിടാതിരിക്കുന്നതു ഗുരുതരമായ പൌരാവകാശലംഘനമാണെന്നു ലോഹ്യ

ബോംബെ മാ. 18

ഇന്ത്യയിലൊട്ടാകെ രാജ്യരക്ഷാനിയമപ്രകാരവും തടങ്കൽനിയമപ്രകാരവും തടങ്കലിലാക്കപ്പെട്ടിരിക്കുന്ന എല്ലാ തടവുകാരേയും ഉടനേ വിട്ടയൽചെയ്യണമെന്നും, അങ്ങനെ ചെയ്യാതിരിക്കുന്നതു ഗുരുതരമായ പൌരാവകാശലംഘനമാണെന്നുമാണ് കേരളാ പ്രസ്സുമായുള്ള ഒരു അഭിമുഖസംഭാഷണത്തിലേർപ്പെടവെ പി. എസ്. പി. നേതാവു ഡോ. റാംമനോഹർലോഹ്യ ഇവിടെ പ്രസ്താവിച്ചതു.

കേരളത്തെപ്പറ്റി പരാമർശിക്കവെ അദ്ദേഹം അഭിപ്രായപ്പെട്ടതു പ്രസിഡൻറ് ഭരണമെന്നുപറഞ്ഞാൽ പുറവാതിലിൽക്കൂടിയുള്ള കോൺഗ്രസ്സ് ഭരണംതന്നെയാണെന്നും. അവിടത്തെ മറ്റേ രണ്ടെണ്ണപ്പെടുപ്രധാനപ്പെട്ടതു ഇടതുപക്ഷ കമ്മ്യൂണിസ്റ്റുകാരാണ്. അവിടത്തെ ജനങ്ങളുടെ ക്ഷേമകാര്യങ്ങളിലുള്ള തന്നെമാണ്. ഇടതുപക്ഷത്തെക്കാണ് അവിടെയുള്ള ശക്തിയധികമെന്നാണിടതുപക്ഷനേതാക്കൾ ഡോ. ലോഹ്യ തുടർന്നു പ്രസ്താവിച്ചു.

ജനപ്രിയത്തെ ഭരണകൂടങ്ങളെന്നുപറഞ്ഞുകൊണ്ട് ഉദാഹരണമായി അദ്ദേഹം ഉത്തർപ്രദേശിലെ ഗവർമെൻറിനെ പിരിച്ചുവിട്ടതിനെ ന്യായീകരിച്ചു.